## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1624      04.10.2016- ൽ മറുപടിക്ക്**

**"നിക്ഷേപ സൗഹൃദ വ്യവസായ നയം "**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ. ഇ.പി.ജയരാജൻ** (വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | നിക്ഷേപ സൗഹൃദ വ്യവസായ നയം രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് നിക്ഷേപക സൗഹൃദപരമായ ഒരു വ്യവസായ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികളും ക്ലിയറൻസുകളും ഓൺ ലൈൻ സംവിധാനങ്ങൾ വഴി നൽകുക, ഭൂമി അനുവദിക്കുന്നതിന് അലോട്ട്മെന്റ് പോളിസി, നിക്ഷേപ സൗഹൃദ എക്സിറ്റ് പോളിസി, വിദ്യാർത്ഥി, യുവ, വനിത സംരംഭകർക്ക് പ്രോത്സാഹനം, പാരമ്പര്യ വ്യവസായങ്ങൾക്ക് പ്രത്യേക പദ്ധതികൾ, ലൈഫ് സയൻസ് ഭക്ഷ്യ സംസ്കരണം ഫാർമസ്യൂട്ടിക്കൽസ് മേഖലകൾക്ക് ഊന്നൽ, നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് ടി നയത്തിൽ പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നു.<br><br>പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതുമായ ഫാർമസി, ഹൈ എൻഡ് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ ആലോചിക്കുന്നത്. പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളായ ചക്ക, പൈനാപ്പിൾ, വാഴപ്പഴം, നാളികേരം സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും ഊന്നൽ നൽകുന്നതിന് ഉദ്ദേശിക്കുന്നു. |
| ബി) | ഇല്ലെങ്കിൽ പരിസ്ഥിതി സൗഹൃദവും വൈദ്യുതി ഉപഭോഗം കുറഞ്ഞതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതും നിക്ഷേപ സൗഹൃദവുമായ വ്യവസായശാലകൾ സ്ഥാപിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| സി) | മുൻസർക്കാരിന്റെ കാലത്ത് വ്യവസായ വികസനത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിരുന്നോ; | (സി) യും (ഡി) യും | മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വികസനത്തിന് വേണ്ടി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കാലടി റൈസ് മില്ലേഴ്സ് ക്ലസ്റ്റർ, പെരിന്തൽമണ്ണ വുഡ് ക്ലസ്റ്റർ, മഞ്ചേരി ജനറൽ എഞ്ചിനീയറിംഗ് ക്ലസ്റ്റർ തുടങ്ങിയ ക്ലസ്റ്റർ വികസന പദ്ധതികൾ നടപ്പിലാക്കി.<br>പൂവൻതുരുത്ത്, ഇടയാർ, അരൂർ എന്നീ മൂന്ന് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ട് വികസന പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ, പാലക്കാട് LEIP എന്നിവിടങ്ങളിൽ Standard Design Factory (SDF) കളുടെ നിർമ്മാണം ആരംഭിച്ചു. ചേർത്തലയിൽ 65 ഏക്കർ സ്ഥലത്ത് കേന്ദ്ര സഹായത്തോടുകൂടി ഏകദേശം 300 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന ഒരു മറൈൻ മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് പാർക്ക് ആരംഭിക്കുന്ന തിനുവേണ്ടി 100 ഏക്കർ സ്ഥലം സ്ഥലം ഏറ്റെടുക്കുന്നതിനും ഐ.ജി.സി. കണ്ണൂർ, ഐ.ജി.സി.കിനാലൂർ എന്നിവിടങ്ങളിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുമുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. |
| ഡി) | എങ്കിൽ ഇത് മൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിവരിക്കാമോ? | | |

സെക്ഷൻ ഓഫീസർ